ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: കണ്ണൂർ ജില്ലയിലെ ഗിരിവർഗ്ഗത്തിൽപെട്ട പണിയ വിഭാഗത്തിന് മാത്രമേ പട്ടികവർഗ്ഗത്തിന്റെ ആനുകൂല്യം കിട്ടുന്നുള്ളു. എന്നാൽ മാവിലൻമാർക്കും കരിമ്പാലൻമാർക്കും ഈ ആനുകൂല്യം കൊടുക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. മാണിക്യൻ കാളാശ്ശേരി: അതിനെക്കുറിച്ച് പരിശോധിക്കാം.

കെ. എസ്. ആർ. ടി. സി. കൈകാര്യം ചെയ്യുന്ന ഗതാഗത സർവ്വീസുകൾ

* 257 [272] ശ്രീ. ത്യാഗരാജൻ:

ശ്രീ. കല്ലട നാരായണൻ:

ശ്രീ. എ. വി. താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതു ഗതാഗത സർവ്വീസുകളുടെ എത്ര ശതമാനമാണ് കെ. എസ്. ആർ. ടി.സി. കൈകാര്യം ചെയ്യുന്നത്;

(ബി) സർവ്വീസുകൾ കാര്യക്ഷമമായി നടത്തുന്നതിനുവേണ്ടി എന്തെങ്കിലും പുതിയ പരിപാടികൾ കെ. എസ്. ആർ. ടി. സി. യുടെ സജീവ പരിഗണനയിലുണ്ടോ;

(സി) ഉണ്ടെങ്കിൽ അത് എന്തെന്നു വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) കോർപ്പറേഷൻ 2424 ഷെഡ്യൂളുകൾ സർവ്വീസ് നടത്തുന്നുണ്ട്. ഇത് കേരളത്തിലുള്ള പൊതു ഗതാഗത സർവ്വീസുകളുടെ എത്ര ശതമാനം എന്നു കൃത്യമായി കണക്കാക്കുവാൻ നിർവ്വാഹമില്ല. ഉദ്ദേശം 30 ശതമാനം ഉണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്.

(ബി, സി) ഉണ്ട്. സർവ്വീസുകൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് കോർപ്പറേഷനെ മേഖലകളായി വിഭജിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

ശ്രീ. കല്ലട നാരായണൻ: കെ. എസ്. ആർ. ടി. സി. യിലെ ഉദ്യോഗസ്ഥൻമാർ കൃത്യമായി സർവ്വീസ് നടത്തുന്നില്ലെന്നും പ്രധാനപ്പെട്ട പോയിന്റുകളിൽ ബസ്സുകൾ നിറുത്തുന്നില്ലെന്നുമുള്ള പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇതിനെക്കുറിച്ച് ചില പരാതികൾ ലഭിക്കുന്നുണ്ട്. കൃത്യമായി ഷെഡ്യൂൾ നടത്താത്തതിന് കാരണങ്ങൾ പലതുണ്ട്. പഴക്കം ചെന്ന ബസ്സുകളുള്ളതുകൊണ്ട് പലപ്പോഴും ബ്രേക്ക്ഡൗൺ ഉണ്ടാകാറുണ്ട്. പിന്നെ പോയിന്റുകളിൽ നിറുത്താത്തതിനെക്കുറിച്ചും അന്വേഷിച്ചു. അന്വേഷണത്തിൽ ചിലതെല്ലാം പരമാർത്ഥമാണെന്നു തെളിഞ്ഞു. ചിലതിൽ ആളുകളെ കയറ്റാൻ ഇടമുണ്ടെങ്കിലും നിറുത്തിന്നില്ലായെന്നു പരാതികളുണ്ട്. പരാതിയിൻമേൽ അന്വേഷണം നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കല്ലട നാരായണൻ: കെ. എസ്. ആർ. ടി. സി. യിലെ ഉദ്യോഗസ്ഥൻമാർ പല എം. എൽ. എ. മാരോടും അപമര്യാദയായി പെരുമാറിയിട്ടുണ്ട്. അതിനെക്കുറിച്ച് എന്തെങ്കിലും പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു?

ശ്രീ. കെ. നാരായണക്കുറുപ്പ്: എല്ലാവരോടും മര്യാദയായി പെരുമാറണം എന്നാണ് കോർപ്പറേഷൻ നിർദ്ദേശിച്ചിട്ടുള്ളത്. പിന്നെ പ്രത്യേകിച്ചും എം. എൽ. എ. മാരോട് വളരെ മാനമായി പെരുമാറണം എന്നുള്ളതാണ് വ്യവസ്ഥ. കിട്ടിയിട്ടുള്ള പരാതികളെക്കുറിച്ച് അന്വേഷിച്ച് കർശന നടപടി എടുക്കുന്നതാണ്.

ശ്രീ. എ. വി. താമരാക്ഷൻ: ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ കോർപ്പറേഷൻ 2424 ഷെഡ്യൂളുകളും സർവ്വീസ് നടത്തുന്നുണ്ടെന്നു പറഞ്ഞു. കഴിഞ്ഞ വർഷം ഇവിടെ പറഞ്ഞത് ഒരു ദിവസം ഒരു ബസ്സ് എന്ന കണക്കിൽ 300 ബസ്സുകൾ ഇറക്കുമെന്നാണ്. അതിൽ എത്ര എണ്ണം പഴയ ബസ്സുകൾ മാറ്റുന്നതിന്നു ഉപയോഗിച്ചു, കൂടുതലായി എത്ര പുതിയ റൂട്ടുകൾക്ക് ഉപയോഗിച്ചു എന്നു വ്യക്തമാക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇതിനകം വാങ്ങിയതിൽ 200 ബസ്സുകൾ പഴയ ബസ്സുകൾ മാറ്റാൻ വേണ്ടി ഉപയോഗിച്ചു. ബാക്കി ഉള്ളത് പുതിയ റൂട്ടുകളിലേക്ക് ഉപയോഗിക്കുകയാണ് ചെയ്തത്.

ശ്രീ. ആർ. എസ്. ഉണ്ണി: പുതിയ നികുതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഡീസലിനും സ്പെയർ പാർട്സിനും ഒക്കെ വില കൂടിയിരിക്കുന്ന സന്ദർഭത്തിൽ കെ. എസ്. ആർ. ടി. സി. യുടെ കാര്യക്ഷമമായ നടത്തിപ്പിനെ എത്രമാത്രം ബാധിച്ചിട്ടുണ്ടെന്നു പരിശോധിച്ചിട്ടുണ്ടോ, ഈ സാഹചര്യത്തിൽ ബസ് ഫെയർ വർദ്ധിപ്പിക്കാതെ തന്നെ കാര്യക്ഷമമായി നടത്തുവാൻ സാധിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇപ്പോഴത്തെ വിലവർദ്ധനവ് അനുസരിച്ചുള്ള കണക്കു കൂട്ടിയിട്ടില്ല. അതിനെക്കുറിച്ചുള്ള വിശദവിവരം കിട്ടിയിട്ടില്ല. ബസ് ചാർജ് വർദ്ധിപ്പിക്കാതെ കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ കഴിയുമോ എന്നു പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: എം. എൽ. എ. മാരോട് വളരെ മര്യാദയായി പെരുമാറണം എന്ന നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നു മന്ത്രി പറഞ്ഞു. അങ്ങനെ പ്രത്യേകം നിർദ്ദേശം കൊടുക്കരുത് എന്നാണ് എന്റെ അപേക്ഷ. കാരണം എം. എൽ. എ. മാരല്ലാത്തവരോടും മര്യാദയായി പെരുമാറണം. പൊതുവേ മര്യാദയില്ലാത്തതുകൊണ്ടാണ് ഈ കുഴപ്പം വരുന്നത്. ഇതിന് പ്രധാനപ്പെട്ട കാരണം ബന്ധുക്കളില്ല, യാത്ര ചെയ്യാൻ ബസ്സിൽ വേണ്ടത്ര സൗകര്യമില്ല എന്നുള്ളതാണ്. ഫാസ്റ്റ് പാസഞ്ചർ ബസ്സുകളിൽ ഇത്ര പേരെ കയറ്റാമെന്നു പറഞ്ഞുകൊണ്ട് വ്യക്തമായ ഒരു നിർദ്ദേശം കൊടുക്കുമോ? ചിലർ ഫാസ്റ്റ് പാസഞ്ചർ ബസ്സുകളിൽ ആളുകളെ നിറുത്തിക്കൊണ്ടുപോകും. എന്നാൽ ചിലർ പറയും ഫാസ്റ്റ് പാസഞ്ചറിൽ ആളുകളെ നിറുത്തിക്കൊണ്ടുപോകുവാൻ നിയമം ഇല്ലായെന്ന്. അതുകൊണ്ട് നാട്ടുകാർക്ക് അറിയാവുന്നതാത്തിൽ വ്യക്തമായ ഒരു നിർദ്ദേശം കൊടുക്കുവാൻ ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: എല്ലാവരോടും മര്യാദയായി പെരുമാറുവാൻ നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നാണ് ഞാൻ ആദ്യമായി മറുപടി പറഞ്ഞത്. പ്രത്യേകിച്ച് എം.എൽ.എ.മാരോട് യാതൊരു കാരണവശാലും രക്ഷാദിച്ചു കൂടാ എന്നുണ്ട്. പലപ്പോഴും കണക്കിൽ കൂടുതൽ ആളുകളെ കയറ്റി ഇറക്കേണ്ടതായിവരും. പിന്നെ വ്യക്തമായ നിർദ്ദേശം കൊടുത്താൽ ബുദ്ധിമുട്ടുണ്ടാകും. സീറ്റിംഗ് കപ്പാസിറ്റി 20 എന്ന് നിശ്ചയിച്ചാൽ ഒരു സ്റ്റോപ്പിൽ 21 പേരുണ്ടായിരിക്കും. അപ്പോൾ 20 പേരെ കയറ്റിയിട്ട് ഒരാളെ കയറ്റാതെ പോകുന്നത് ശരിയല്ല. അതു കൊണ്ട് ക്ലിപ്തമായ കണക്ക് നൽകിയിട്ടില്ല.

ശ്രീ. എ. വി. താമരാക്ഷൻ: ട്രാൻസ്പോർട്ട് കോർപ്പറേഷനുകളിൽ ഇന്ന് നടക്കുന്ന സർവ്വീസുകളും അപര്യാപ്തമാണെന്നുള്ളത് കണക്കിലെടുത്തുകൊണ്ട് കൂടുതൽ ബസ്സുകളും ഇറക്കുന്നതിന് എന്തെങ്കിലും പദ്ധതി ഗവർമ്മെണ്ടിനുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കൂടുതൽ ബസ്സുകളും ഇറക്കിക്കൊണ്ടിരിക്കുകയാണ്. ഇതിനുമുമ്പ് നിയമസഭയിൽ പറഞ്ഞതുപോലെതന്നെ ജോലിയുള്ള ദിവസങ്ങളിൽ ഓരോ ബസ്സും ഇറക്കത്തക്ക സംവിധാനമാണ് ഇന്നുള്ളത്. ഇരുനൂറിൽപ്പരം ബസ്സുകളും മാത്രമേ ഇറക്കാൻ കഴിഞ്ഞിട്ടുള്ളൂ. കൂടുതൽ ബസ്സുകളും ഇറക്കി ബുദ്ധിമുട്ട് ഒഴിവാക്കണം എന്ന് ആഗ്രഹിച്ചുകൊണ്ട് അഞ്ഞൂറിൽപരം ബസ്സുകളും അടുത്ത വർഷം ഇറക്കാനാണ് ഗവർമ്മെണ്ട് ഉദ്ദേശിക്കുന്നത്.

ശ്രീ. പി. പി. എസ് തോസ്: മേഖലയായി തിരിക്കുമെന്ന് മന്ത്രി മറുപടി പറഞ്ഞു. ഇത് കേരളമാകാൻ തുടങ്ങിയിട്ട് ഒരു കൊല്ലമായി. ഈ കാര്യത്തിൽ എന്ത് നടപടി എടുത്തു. മേഖലയായിട്ട് വിഭജിച്ച് പരിപാടി നടപ്പാക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കഴിഞ്ഞ കൊല്ലം മുതൽ കേരളമാകാൻ തുടങ്ങിയതാണ്. എല്ലാ പ്രവർത്തനവും പൂർത്തിയായിട്ടുണ്ട്. മേഖലാ വിഭജനത്തെപറ്റി തൊഴിലാളി നേതാക്കളുമായിട്ടുള്ള ചർച്ച പൂർത്തിയായതിനു ശേഷമേ നടപ്പാക്കാനൊക്കുകയുള്ളൂ.

ശ്രീ. പി. പി. എസ് തോസ്: ട്രാൻസ്പോർട്ട് ബസ്സിന്റെ കാര്യക്ഷമതയെപറ്റി പറഞ്ഞു. പ്രൈവറ്റ് ബസ്സുമായിട്ടുള്ള കോമ്പറ്റീഷനാണ് കാര്യക്ഷമതയ്ക്ക് ബുദ്ധിമുട്ട് എന്ന് മനസ്സിലാക്കിക്കൊണ്ട് പ്രൈവറ്റ് മേഖലയുള്ള സ്ഥലത്ത് അവർക്ക് കൊടുക്കുമ്പോൾ കോമ്പറ്റീഷൻ ഇല്ലാത്ത രീതിയിൽ സർവ്വീസ് നടത്താൻ തയ്യാറാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കാര്യക്ഷമതയെപറ്റിയുള്ള പരാതികളും രണ്ടു മേഖലയിലും ഉണ്ടായിരിക്കാം. നമ്മുടെ ബസ്സുകളും മാത്രം ഓടുന്ന സ്ഥലത്തും ആവശ്യത്തിനുള്ള ബസ്സുകളും ഇല്ലെന്ന പരാതിയുണ്ട്. പ്രൈവറ്റ് മേഖലയിൽ നമ്മുടെ ബസ്സുകളും ഓടുമ്പോൾ മിക്കവാറും കോമ്പറ്റീഷനിൽ നമ്മുടെ ബസ്സുകളും പരാജയപ്പെടുന്നു എന്ന പരാതിയുമുണ്ട്. കഴിയുന്നത്ര ഓരോ മേഖലയിൽ ഓരോ വിഭാഗത്തിലുള്ള ബസ്സുകളും ഓടിക്കുന്നതാണ് നല്ലതെന്ന അഭിപ്രായമാണ് കോർപ്പറേഷനുള്ളത്. അതേപറ്റി ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. ശങ്കരൻകുട്ടി : ശാസ്ത്രീയമായി പുനഃസംഘടിപ്പിച്ച് മേഖലാ സമ്പ്രദായം ഉടനെ നടപ്പിൽ വരുത്തുമെന്നും തുടക്കമെന്നുള്ള നിലക്ക് മലബാർ ഭാഗത്ത് കോഴിക്കോട് റീജിയണൽ വർക്ക്ഷോപ്പ് രണ്ടു മാസത്തിനകം തുറക്കുമെന്നും പ്രഖ്യാപിച്ചു. അത് തുറക്കാതിരിക്കാനുള്ള കാരണം എന്താണ്?

ശ്രീ. കെ. നാരായണക്കുറുപ്പ്: മേഖലാടിസ്ഥാനത്തിൽ ശാസ്ത്രീയമായ ഒരു സംവിധാനം ചെയ്യണമെന്ന ആഗ്രഹമുണ്ട്. തൊഴിലാളി നേതാക്കളുമായുള്ള ചർച്ച മാത്രമേ അവശേഷിക്കുന്നുള്ളു. കോഴിക്കോട് വർക്കുഷോപ്പ് ഉണ്ടാക്കുമെന്ന് നിയമസഭയിൽ പറഞ്ഞതാണ്. വർക്കുഷോപ്പിനുള്ള സ്ഥലം ഏറെറടുത്തുകൊണ്ട് ഗസറ്റ് വിജ്ഞാപനം ചെയ്തു കഴിഞ്ഞു.

ശ്രീ. സിറിയക്ക് ജോൺ : കെ. എസ്. ആർ. ടി. സി. ദേശസാൽക്കരിച്ചതിൽ പൂർണ്ണമായി ദേശസാൽക്കരിച്ച മേഖല ഏതൊക്കെയാണെന്ന് പറയാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ദേശസാൽക്കരണം ഇപ്പോഴും പൂർണ്ണമാണ്. നോട്ടിഫൈഡ് റൂട്ട് വേറെയുണ്ട്. അവിടെ ദേശസാൽക്കരിക്കണമെന്നാണ് ഗവർമ്മെണ്ടിന്റെ ഉദ്ദേശം. ഗവർമ്മെണ്ട് പ്രഖ്യാപിച്ചിരിക്കുന്നു എന്നു മാത്രമേയുള്ളു.

ശ്രീ. ഒ. ലൂക്കോസ്: കേരളത്തിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ നിന്ന് വിവിധ സ്ഥലങ്ങളിലേക്ക് പോകുന്ന യാത്രക്കാരുടെ എണ്ണവും സമയവും എല്ലാം തിട്ടപ്പെടുത്തുന്നതിനുവേണ്ടി ഒരു ട്രാഫിക് സർവ്വേ നടത്താൻ തയ്യാറാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: പ്രൈവറ്റ് മേഖലയിലും കെ.എസ്. ആർ. ടി. സി.മേഖലയിലും ഇനി എത്ര ബസ് സുകൾ കൂടുതൽ വേണമെന്ന് തിട്ടപ്പെടുത്തുന്നതിനുള്ള സർവ്വേ നടത്താൻ നിർദ്ദേശം കൊടുത്തു കഴിഞ്ഞു.

ഡോ. കെ. ജി. അടിയോടി : പൂർണ്ണമായി ദേശസാൽക്കരിച്ച വയനാട്ടിൽ മുപ്പതു ശതമാനം ബസ്സുകൾ ഇല്ലെന്നുള്ളത് ഗവർമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അഞ്ച് ശതമാനത്തിൽ കൂടുതൽ ഇല്ല അവിടെ ഓടുന്ന ബസ്സുകൾ. ഓവർലോഡ് ഏറ്റവും കൂടുതൽ എടുക്കുന്നത് വയനാട്ടിലാണ്. അവിടത്തെ ബുദ്ധിമുട്ട് കണക്കിലെടുത്ത് എന്തെങ്കിലും മാറ്റം വരുത്താൻ ഗവർമ്മെണ്ട് ശ്രദ്ധിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ദേശസാൽക്കരിച്ച ഭാഗത്ത് ഉണ്ടായിരുന്ന യാത്രക്കാരുടെ എണ്ണം അനുസരിച്ച് ബസ്സുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. അത് പോരെന്നാണ് കാണുന്നത്. അതിന് പരിഹാരമാർഗ്ഗമായി വയനാടൻ മേഖലയിൽ രണ്ടു സബ് ഡിപ്പോകൾ തുടങ്ങാനും കൂടുതൽ ബസ്സുകൾ ഇടാനും തീരുമാനം എടുത്തുകഴിഞ്ഞു.

ശ്രീ. പി. പി. എസ്തോസ്: സർവ്വീസ് കാര്യക്ഷമമായി നടത്തുന്നതിന് ഇന്നുള്ള മെക്കാനിക്കൽ സ്റ്റാഫിന്റെയും മറ്റു ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നുണ്ടെന്നുള്ളതു പരിഗണിച്ച് ഇതു കാര്യക്ഷമമായി നടത്തുന്നതിന് അടിയന്തിരമായി മെക്കാനിക്കൽ വിംഗിൽ കൂടുതൽ റിക്രൂട്ട്മെന്റ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: ജോലിക്കാരുടെ വലിയ കുറവില്ല. എങ്കിലും കുറവുണ്ട്. ആ കുറവ് പരിഹരിക്കാൻ അപ്പോഴപ്പോൾ പബ്ലിക് സർവ്വീസ് കമ്മീഷനു എഴുതാറുണ്ട്. അവിടെനിന്ന് ആളുകളെ റിക്രൂട്ട് ചെയ്യുന്നതിന് കാലതാമസം വരുന്നുണ്ട്. അങ്ങനെ താമസം വരുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: 2424 ഷെഡ്യൂളുകൾ ഉണ്ടെന്ന് പറഞ്ഞിട്ടുണ്ട്. കൂടുതൽ ബസ്സുകളും വർക്കുഷോപ്പിൽ കിടക്കുകയാണ്. വർക്കുഷോപ്പിൽ കിടക്കുന്ന ബസ്സുകളുടെ എണ്ണം എത്രയാണ്. വർക്കുഷോപ്പിൽ കിടക്കുന്ന ബസ്സുകളുടെ എണ്ണം കുറയ്ക്കുന്നതിനു വേണ്ടി എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ജനസംഖ്യ എന്നു പറയുമ്പോൾ ആശുപത്രിയിൽ കിടക്കുന്ന ആളുകളെയും ഉൾപ്പെടുത്തിയാണ് പറയുന്നത്. ഓടിക്കാൻ കൊള്ളാത്ത ബസ്സുകൾ ചിലപ്പോൾ വർക്കുഷോപ്പിൽ കയറിയെന്നു വരും. അതും കൂടി ചേർത്താണ് പറഞ്ഞത്.

ശ്രീ. കെ. സി. വാമദേവൻ: പൂർണ്ണമായി ദേശസാൽക്കരിക്കപ്പെട്ട മേഖല എന്നു പറയുന്നത് നമ്മുടെ സംസ്ഥാനത്ത് പ്രധാനമായും തിരുവനന്തപുരം ജില്ലയാണ്. അവിടെ യാത്രാസൗകര്യങ്ങൾ വളരെ കമ്മിയാണ് എന്നുള്ളതുകൊണ്ട് കൂടുതൽ ഷെഡ്യൂളും മറ്റ് സംവിധാനവും ഏർപ്പെടുത്തണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ? അതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: നിവേദനം ലഭിച്ചിട്ടുണ്ട്. വളരെ കമ്മിയാണെന്നതിനോട് ഏയാജിക്കാൻ നിവർത്തിയില്ല. കൂടുതൽ ബസ്സുകൾ വേണം. യാത്രക്കാരുടെ എണ്ണം വർദ്ധിച്ചു വരുന്നു. അതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. എ. കുര്യൻ: കാര്യക്ഷമമായ പ്രവർത്തനത്തിന് തൊഴിലാളികളുടെ സഹകരണംകൂടി ആവശ്യമാണെന്നുള്ളതുകൊണ്ട് തൊഴിലാളി യൂണിയനുകളുമായി ഈ പ്രശ്നം ചർച്ച ചെയ്യണമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ശമ്പളപരിഷ്കാരം ഉൾപ്പെടെയുള്ള ചർച്ചയുടെ സ്ഥിതി എന്താണെന്ന് പറയാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ശമ്പളപരിഷ്കാരം ഉൾപ്പെടെയുള്ള ചർച്ച എന്നു പറഞ്ഞാൽ വ്യക്തമല്ല. ശമ്പളപരിഷ്കാരത്തെ പറ്റിയുള്ള ചർച്ച നടന്നുകൊണ്ടിരിക്കുന്നു. അവസാനഭാഗത്തേക്ക് എത്തിയിരിക്കയാണ്.

ശ്രീ. ആർ. സുന്ദരേശൻ നായർ: പ്രൈവറ്റ് ബസ്സുകൾ ഇല്ലാത്ത പ്രദേശങ്ങളിൽ കോർപ്പറേഷന്റെ കാര്യക്ഷമത അല്പം കുറഞ്ഞുപോയാലും ആളുകൾ പ്രൈവറ്റ് ബസ്സുകളിൽ പോയി രക്ഷപ്പെടുമെന്നുള്ളതുകൊണ്ട് പരിപൂർണ്ണമായി ദേശസാൽക്കരിക്കപ്പെട്ട പ്രദേശങ്ങളിൽ പ്രത്യേക പരിഗണന കൊടുത്ത് കൈകാര്യം ചെയ്യണമെന്ന് നിവേദനം സമർപ്പിച്ചിട്ടും അതിനു വേണ്ട യാതൊരു നടപടിയും സ്വീകരിക്കാത്തതിന് കാരണം എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: അങ്ങനെ പറയുന്നത് ശരിയല്ല. പരിപൂർണ്ണമായി ദേശസാൽക്കരിച്ച് ഭാഗങ്ങളിൽ മുൻതൂക്കം കൊടുക്കുന്നുണ്ട് എന്നു വിചാരിച്ച് ദേശസാൽക്കരിക്കാത്ത ഭാഗങ്ങളിൽ ട്രാൻസ്പോർട്ട് ബസ്സുകൾ ഓടിക്കണമെന്നു പറഞ്ഞാൽ നിങ്ങൾക്ക് അവകാശമില്ലെന്നു പറയാൻ കോർപ്പറേഷന്നു സാധ്യമല്ലാത്തതുകൊണ്ട് പൊതുജനങ്ങളുടെയും പൊതുജനപ്രതിനിധികളുടേയും നിർബന്ധം കൊണ്ട് അവിടേയും ഇവിടേയുമായി ഓരോ ബസ്സുകൾ കൊടുത്തു പോന്നു വരും. കൂടുതൽ സൗകര്യങ്ങൾ നോക്കുന്നത് ദേശസാൽക്കരിച്ച ഭാഗങ്ങളിൽ തന്നെയാണ്.

ശ്രീ. കെ. സുകുമാരനുണ്ണി: കെ. എസ്. ആർ. ടി. സി. യുടെ പല റൂട്ടുകളിലും ആദായകരമല്ലാതെ ബസ്സുകൾ ഓടിക്കുന്നുണ്ട്. പല സ്ഥലത്തും ആവശ്യത്തിന്നുള്ള ബസ്സുകൾ ഓടിക്കുന്നുമില്ല. അത് കണക്കിലെടുത്തുകൊണ്ട് ചില റൂട്ടുകൾ നിർത്തലാക്കിയിട്ട് ആവശ്യമുള്ള സ്ഥലത്തേക്ക് ബസ്സുകൾ കൂടുതലിട്ട് യാത്രക്കാരുടെ സൗകര്യത്തിനുവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കോർപ്പറേഷന്റെ പ്രവർത്തനം ആദായം അടിസ്ഥാനപ്പെടുത്തി മാത്രമല്ല. ആദായം കുറവാണെങ്കിലും യാത്രക്കാർക്ക് ആവശ്യമുണ്ടെന്നുണ്ടെങ്കിൽ ബസ്സ് കൊടുക്കാൻ ബാധ്യതയുള്ളതുകൊണ്ട് നഷ്ടപ്പെട്ടും ചില ഭാഗങ്ങളിൽ ബസ്സുകൾ ഓടിക്കുന്നു.

ശ്രീ. ടി.എച്ച്. മുസ്തഫ: ട്രാൻസ്പോർട്ട് ബസ്സുകൾ കാര്യക്ഷമമായി നടത്തുന്നതിനാവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. അതിന്റെ കാര്യക്ഷമതയെപ്പറ്റി ഞാൻ പറയുന്നില്ല. ആലുവാ പെരുമ്പാവൂർ റൂട്ട് ട്രാൻസ്പോർട്ടിന്റെ ആരംഭകാലത്ത് നഷ്ടമൊഴിവാക്കിയതാണ്. 115 ട്രിപ്പുകളാണ് ഓപ്പറേറ് ചെയ്യേണ്ടത്. ആലുവായിൽനിന്നും പെരുമ്പാവൂരിൽ നിന്നും കോട്ടയത്തു നിന്നും മൂവാറ്റുപുഴ നിന്നുമാണ് ഓപ്പറേറ് ചെയ്യേണ്ടത്. ക്യാൻസൽ ചെയ്യേണ്ടിവരുന്നത് എല്ലാ സ്റ്റേഷനിൽ നിന്നും ചെയ്യുന്നത്. ഒരേ റൂട്ടിലേക്കുള്ളതായതുകൊണ്ട് 50 ട്രിപ്പുകൾപോലും ഓടാത്തതുമൂലം യാത്രക്കാർക്ക് യാത്ര ചെയ്യാൻ നിവർത്തിയില്ല. അതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: പെരുമ്പാവൂർ ആലുവാ റൂട്ടിൽ കൂടുതൽ ബുദ്ധിമുട്ടുണ്ടെന്നുള്ളത് കോർപ്പറേഷന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. പെരുമ്പാവൂർ സബ് ഡിപ്പോയുടെ ഉദ്ഘാടനത്തോടുകൂടി ഈ പ്രശ്നം പരിഹരിക്കപ്പെടും. ഇനിയും ബസ്സുകൾ കൊടുക്കണമെന്ന് പരാതിയുള്ള പക്ഷം അതും പരിശോധിക്കാം.

ഹരിജൻ കോളനികളിൽ പണിയിച്ചു കൊടുത്തിട്ടുള്ള വീടുകൾ

*258 [273] ശ്രീ. എം. കെ. കേശവൻ:

ശ്രീ. പി. ആർ. ഫ്രാൻസിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ സാമൂഹ്യവികസനവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹരിജൻ കോളനികളിൽ ഡിപ്പാർട്ടുമെൻറിൽ നിന്നു പണിയിച്ചു കൊടുത്തിട്ടുള്ള വീടുകൾ എത്ര;

LIBRARY ARCHIVES Kerala Legislative Assembly